(ബി) നിശ്ചിതയോഗ്യതയുള്ളവരുടെ എത്ര അപേക്ഷകൾ ലഭിച്ചിരുന്നു ; അതു പ്രകാരം ഇന്റർവ്യൂ നടത്തുകയുണ്ടായോ ; എങ്കിൽ എന്നാണെന്ന് വ്യക്തമാക്കുമോ ;

(സി) ഇന്റർവ്യൂവിനുശേഷം സെലക്ട് ലിസ്റ്റ് പുറപ്പെടുവിച്ചിട്ടുണ്ടോ ; എങ്കിൽ കോപ്പി ലഭ്യമാക്കുമോ ;

(ഡി) എത്ര ഒഴിവുകളാണ് നിലവിലുള്ളതെന്നും, 2011-ൽ എത്ര ഒഴിവുകളാണ് പ്രതീക്ഷിക്കുന്നതെന്നും വ്യക്തമാക്കാമോ ;

(ഇ) സെലക്ട് ലിസ്റ്റിൽ നിന്നും, നിലവിലെ ഒഴിവുകൾ അടിയന്തരമായി നികത്താൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യ ലിമിറ്റഡിൽ വെറ്ററിനറി ഡോക്ടർമാരെ നിയമിക്കുന്നത് സംബന്ധിച്ച് വിജ്ഞാപനം 30/10/2010-ന് പുറപ്പെടുവിച്ചിരുന്നു. അപേക്ഷാ ഫീസ് 1000 രൂപയായിരുന്നു.

(ബി-ഇ) നിലവിലുള്ള ആകെ 2 ഒഴിവുകളിലേക്കായി കേവലം 4 അപേക്ഷകർ മാത്രമാണുണ്ടായിരുന്നത് അവരാകട്ടെ കമ്പനിയ്ക്കാവശ്യമുള്ള നിലവാരത്തിലുള്ള പരിജ്ഞാനം ഇല്ലാത്തവരുമായിരുന്നു. അതിനാൽ അവരെ നിയമിക്കാൻ അർഹതയില്ലാത്തതിനാൽ ഒഴിവുകൾ മൃഗസംരക്ഷണ വകുപ്പിലെ മികവുറ്റ ഡോക്ടർമാരെ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമിക്കാനാണ് തീരുമാനിച്ചിട്ടുള്ളത്.

**മൃഗസംരക്ഷണ ഉപകേന്ദ്രങ്ങൾ പഞ്ചായത്തുകളിൽ ആരംഭിക്കുന്നതിനുള്ള നടപടി**

**142(1369)** ശ്രീ. എം. കെ. പ്രേംനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കോഴിക്കോട് ജില്ലയിൽ മൃഗസംരക്ഷണ വകുപ്പിന്റെ കീഴിൽ എത്ര മൃഗാശുപത്രികളും ഉപകേന്ദ്രങ്ങളും ആരംഭിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ;

(ബി) മൃഗസംരക്ഷണ ഉപകേന്ദ്രങ്ങൾ ഒരു പഞ്ചായത്തിൽ എത്ര വീതം എന്നതിന് എന്തെങ്കിലും നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ടായെന്ന് വ്യക്തമാക്കുമോ;

(സി) പല പഞ്ചായത്തുകളിലും വളരെ ദൂരം താണ്ടിയാണ് കർഷകർ കന്നുകാലികളെ ഇത്തരം കേന്ദ്രങ്ങളിൽ എത്തിക്കുന്നത് എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ആയത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

**ഉത്തരം**

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കോഴിക്കോട് ജില്ലയിൽ മൃഗസംരക്ഷണ വകുപ്പിന്റെകീഴിൽ സ്ഥാപനങ്ങൾ ഒന്നും തന്നെ ആരംഭിച്ചിട്ടില്ല. ഇപ്പോൾ തന്നെ വിവിധ തലങ്ങളിലുള്ള 178 സ്ഥാപനങ്ങൾ സജീവമായി പ്രവർത്തിച്ചു വരുന്നു.

(ബി) ഒരു പഞ്ചായത്തിൽ എത്ര മൃഗസംരക്ഷണ ഉപകേന്ദ്രങ്ങൾ വീതം എന്നതിന് പ്രത്യേക നിർദ്ദേശങ്ങൾ ഒന്നും തന്നെപുറപ്പെടുവിച്ചിട്ടില്ല. എന്നാൽ 500 പ്രജനന ക്ഷമതയുള്ളകന്നുകാലികൾക്ക് ഒരു കൃത്രിമ ബീജധാന ഉപകേന്ദ്രം വീതം തുടങ്ങണമെന്നാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

ഇത് പരിഹരിക്കുന്നതിന് സഞ്ചരിക്കുന്ന കൃത്രിമ ബീജധാനകേന്ദ്രങ്ങൾ തുടങ്ങുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

**പാൽ, മാംസം, മുട്ട എന്നിവയുടെ ഉൽപ്പാദനം വർദ്ധിപ്പിക്കാൻ സ്വീകരിച്ച നടപടികൾ**

143(1400) ശ്രീ. എം. പ്രകാശൻ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പാൽ, മാംസം, മുട്ട എന്നിവയുടെ ഉൽപ്പാദനം വർദ്ധിപ്പിക്കാൻ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്;

(ബി) ഇതിന്റെ ഫലമായി പ്രസ്തുത ഭക്ഷ്യവസ്തുക്കളുടെ ഉൽപ്പാദനത്തിൽ എന്തു വർദ്ധനവാണ് ഉണ്ടായിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ;

(സി) ഇതിന്റെ വർഷാടിസ്ഥാനത്തിലുള്ള കണക്ക് ലഭ്യമാക്കുമോ?

**ഉത്തരം**

(എ) സംസ്ഥാനത്ത് പാലുല്പാദനം വർദ്ധിപ്പിക്കുന്നതിനായി താഴെ പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്:

1. അയൽ സംസ്ഥാനങ്ങളിൽ നിന്നും മികച്ച ഇനം കറവപ്പശുക്കളെ കൊണ്ടുവരുന്ന നടപടി.

2. ക്ഷീരോല്പാദന വർദ്ധനവിനായി നടപ്പ് സാമ്പത്തിക വർഷം മൃഗ സംരക്ഷണ വകുപ്പ് ഭക്ഷ്യ സുരക്ഷാ പദ്ധതിയിൽ ഉൾപ്പെടുത്തി താഴെ പറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു: